റദ്ദുചെയ്യുകയും മെസ്സേഴ്സ് HCC-BHEL കൺസോർഷ്യത്തിന് പദ്ധതിയുടെ കരാർ നല്കാൻ ഉത്തരവിടുകയും ചെയ്തു. ബോർഡ് ഇതിനെതിരെ റിട്ട് അപ്പീൽ നല്കി. കൂടാതെ പദ്ധതിക്ക് എതിരായി 2 പൊതു താല്പര്യ ഹർജികളും ഫയൽ ചെയ്തിട്ടുണ്ട്. കേസുകളെല്ലാം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. 4-1-2010-ൽ കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും പാരിസ്ഥിതിക അനുമതി റദ്ദാക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് ബോർഡിന് ലഭിച്ചു. ബോർഡ് ഈ നോട്ടീസിന് 19-1-2010-ൽ മറുപടി നല്കി. തുടർന്ന് ടി മന്ത്രാലയം നിർദ്ദേശിച്ചതനുസരിച്ച് അവർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ മുമ്പാകെ ബോർഡ് വിശദാംശങ്ങൾ സമർപ്പിക്കുകയും, ഇതിനെ തുടർന്നുള്ള വിദഗ്ദ്ധ സമിതിയുടെ ചർച്ചകളിൽ ആവശ്യപ്പെട്ട പ്രകാരം കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്തു.

(ബി) മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ പുനഃപരിശോധനയ്ക്ക് ശേഷമേ പാരിസ്ഥിതിക അനുമതി നൽകുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളു എന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്.

(സി) മന്ത്രിസഭയുടേത് കൂട്ടായ തീരുമാനമാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടെൻഡർ ചെയ്ത ചെറുകിട ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.†

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ

147 (5552) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് ഈ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കുന്നതിനെതിരെ പരിസ്ഥിതി സംഘടനകൾ ഉന്നയിക്കുന്ന തടസ്സവാദങ്ങൾ എന്തെല്ലാമെന്ന് സർക്കാരിനറിയാമോ ; വിശദാംശം നൽകാമോ ;

(സി) പരിസ്ഥിതി സംഘടനകൾ ഉന്നയിക്കുന്ന തടസ്സവാദങ്ങൾക്ക് എന്തെങ്കിലും അടിസ്ഥാനമുണ്ടോ ; എങ്കിൽ എന്തു മറുപടിയാണ് പ്രസ്തുത തടസ്സവാദങ്ങൾക്കെതിരെ സർക്കാർ നൽകുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതി പൂർത്തിയാകുമ്പോൾ സംസ്ഥാന വൈദ്യുതി മേഖലയിൽ എന്തെന്ത് നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത് ?

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് നാളിതുവരെ ഈ സർക്കാർ സ്വീകരിച്ച നടപടികൾ താഴെ സൂചിപ്പിക്കുന്നു.

(1) കേന്ദ്ര പരിസ്ഥിതി മന്ത്രാലയങ്ങളിൽനിന്നും ജൂലൈ 2007-ൽ പുതുക്കിയ പാരിസ്ഥിതികാനുമതി നേടി.

(2) പദ്ധതി നടപ്പാക്കുവാൻ വേണ്ടി ടെൻഡർ 8-10-2007-ൽ ക്ഷണിച്ചു.

(3) പദ്ധതി നടപ്പിലാക്കുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ള പൊതു താല്പര്യ ഹർജികൾ തീർപ്പാക്കുവാൻ നടപടികൾ ത്വരിതപ്പെടുത്തി.

(4) കേന്ദ്രപരിസ്ഥിതി മന്ത്രാലയം ജനുവരി 2010-ൽ നൽകിയ കാരണം കാണിക്ക (പദ്ധതിക്ക് നൽകിയ പാരിസ്ഥിതികാനുമതി റദ്ദു ചെയ്യാതിരിക്കുവാനുള്ള കാരണങ്ങൾ) ലിന് മറുപടി നൽകുകയും വിദഗ്ദ്ധ സമിതി മുമ്പാകെ പദ്ധതിക്കുവേണ്ടി വാദിക്കുകയും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്തു.

(ബി) അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കുന്നതിനെതിരെ പരിസ്ഥിതി സംഘടനകൾ ഉന്നയിക്കുന്ന പ്രധാന തടസ്സവാദങ്ങൾ താഴെ പറയുന്നവയാണ്.

(1) ആദിവാസി കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരും.

(2) അതിരപ്പിള്ളി വെള്ളച്ചാട്ടവും വാഴച്ചാൽ റാപ്പിഡ്സും പദ്ധതി മൂലം നഷ്ടപ്പെടും.

(3) പദ്ധതി നടപ്പാക്കുമ്പോൾ സമീപ പ്രദേശങ്ങളിലെ കൃഷി ഭൂമിയേയും കുടിവെള്ള സ്രോതസ്സുകളേയും ബാധിക്കും.

(4) ജലസേചനവകുപ്പിന്റെ തുമ്പൂർമുഴി ജലസേചന പദ്ധതിയെ ബാധിക്കും.

(5) ജൈവ വൈവിദ്ധ്യ സമ്പത്തിനെ ബാധിക്കും.

(സി) പരിസ്ഥിതി സംഘടനകൾ ഉന്നയിക്കുന്ന തടസ്സവാദങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ല. ഇതുസംബന്ധിച്ച് വിവിധ ഏജൻസികൾ വിശദമായ പഠനം നടത്തുകയും ചെയ്തിട്ടുള്ളതാണ്.

(ഡി) 163 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിക്കും. ഈ പദ്ധതിയിൽ നിന്ന് പ്രതിവർഷം 233 ദശലക്ഷം യൂണിറ്റ് ഉറപ്പായ വൈദ്യുതിയും ശരാശരി നിരക്കിൽ 360 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും ഉല്പാദിപ്പിക്കുവാനാകും. ഈ പദ്ധതി കമ്മീഷൻ ചെയ്താൽ പീക്ക് സമയത്തെ ആവശ്യകത നിറവേറ്റുവാൻ പദ്ധതി സഹായകരമാകും.

LIBRARY ARCHIVES Kerala Legislative Assembly